പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ : *473

24.10.2016 ൽ
മറുപടിക്ക്

# വിളിപ്പാടകലെ പോലീസ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. രാജഗോപാലൻ<br>,, എ.എൻ. ഷംസീർ<br>,, ആന്റണി ജോൺ<br>,, വി. ജോയി | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് 'വിളിപ്പാടകലെ പോലീസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | (എ) സംസ്ഥാനത്ത് '**വിളിപ്പാടകലെ പോലീസ്** ' പദ്ധതി നടപ്പിലാക്കിയിട്ടില്ല. എങ്കിലും അടിയന്തരസേവനം ലഭ്യമാക്കുന്നതിന് ഹെൽപ്പ് ലൈൻ നമ്പറുകൾ നിലവിലുണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; | (ബി) യും (സി) യും ബാധകമല്ല. |
| (സ) വിവര സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ ആശയ വിനിമയത്തിനുള്ള നടപടികൾ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; | |
| (ഡി) പോലീസ് സേനയുടെ നവീകരണത്തിനും ആധുനികവൽക്കരണത്തിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) സംസ്ഥാന പോലീസ് സേനയെ കാര്യക്ഷമവും ജനസൗഹൃദവുമാക്കുന്നതിന് വിപുലമായ പുതിയ പദ്ധതികൾ ആലോചിക്കുന്നു. വകുപ്പിന്റെ ആധുനികവൽക്കരണത്തിന് അനുയോജ്യമായ സാങ്കേതികവിദ്യയുടെ പ്രയോഗം വിഭാവനം ചെയ്യും. പോലീസിലേക്കുള്ള നിയമനം, പരിശീലനം എന്നിവ നടപ്പിലാക്കുന്നതിന് ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് പദ്ധതി കൊണ്ടുവരും. ഗതാഗത നിയന്ത്രണം ഫലപ്രദമായി നടപ്പിലാക്കുന്നതിനായി മെച്ചപ്പെട്ട അടിസ്ഥാന സൗകര്യ വികസനം കൊണ്ടുവരുന്നതും അതിൽ സ്റ്റേറ്റ് ലെവൽ |

ട്രാഫിക് കൺട്രോൾ ആന്റ് മോണിറ്ററിംഗ് സെന്റർ എന്ന സംവിധാനം കൊണ്ടുവരുന്നതുമാണ്. സൈബർ സ്പേസിന്റെ ദുരുപയോഗം കണക്കിലെടുത്ത് സൈബർ ക്രൈം ഇൻവെസ്റ്റിഗേഷനും പരിശീലനത്തിനുമുള്ള അടിസ്ഥാന സൗകര്യ വികസനത്തിന് മുൻഗണന നൽകുന്നതാണ്. പോലീസ് സ്റ്റേഷനുകളുടെ നിലവാരമുയർത്തി സ്മാർട്ട് പോലീസ് സ്റ്റേഷനുകളായി മാറ്റുന്നതിന് നടപടിയെടുക്കും. കുറ്റവാളികളെയും, കുറ്റകൃത്യങ്ങളെയും കുറിച്ചുള്ള അന്വേഷണത്തിന് സഹായകരമായ സുരക്ഷ ഉറപ്പാക്കുന്നതിനുവേണ്ടി 'ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ് വർക്ക് & സിസ്റ്റം' നടപ്പിലാക്കുകയും, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനുവേണ്ടി അവരെ ശാക്തീകരിക്കുന്നതിനു വേണ്ടിയുള്ള പരിശീലനവും കൂടുതൽ മികവോടെ നടപ്പാക്കുന്നതിന് നടപടിയെടുക്കും.

സ്ത്രീസുരക്ഷയെ മുൻനിർത്തി ആവിഷ്കരിച്ച പിങ്ക് പോലീസ് പെട്രോൾ & കൺട്രോൾ റൂം പദ്ധതി വിപുലീകരിക്കും. തീരദേശ സുരക്ഷയ്ക്കായി ഒരു ഐ.ആർ. മറൈൻ ബറ്റാലിയനും, തീവ്രവാദം, മറ്റു ബന്ധപ്പെട്ട പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് ഒരു ഇന്ത്യ റിസർവ് (ഐ.ആർ) ബറ്റാലിയനും കൂടി വേണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടും. ഒരു 'വുമൺ സേഫ്റ്റി ആന്റ് സെക്യൂരിറ്റി സ്കീം' ആരംഭിക്കുന്നതാണ്. ഒരു സമ്പൂർണ്ണ വനിതാ ബറ്റാലിയനുള്ള സാധ്യതകൾ പരിശോധിക്കും. താഴെതട്ടിലുള്ള വനിതാ ഓഫീസർമാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതുമാണ്.

സെക്ഷൻ ഓഫീസർ